

ഞങ്ങളുടെ സ്ഥാപനത്തിലെ ഏറ്റവും പ്രധാനപ്പെട്ട സന്ദർശകൻ ഉപഭോക്താവാണ്.അവർ ഞങ്ങളെ ആശ്രയിക്കുകയില്ല. അവരെ ഞങ്ങൾ ആശ്രയിക്കുകയാണ്. ഞങ്ങളുടെ ജോലിക്ക് അവർ ഒരു തടസ്സമല്ല. ഞങ്ങളുടെ ലക്ഷ്യംതന്നെ അവരാണ്. ഞങ്ങളുടെ പ്രവർത്തനത്തിൽ അവർ പുറത്തുനിന്നുള്ള ആളല്ല.അവർ ഞങ്ങളുടെ പ്രവർത്തനത്തിന്റെ ഭാഗമാണ്. ഞങ്ങൾ അവരെ സേവിക്കുകവഴി അവരോട് ഒരു സൗമനസ്യവും കാട്ടുന്നില്ല. സേവിക്കാൻ അവസരം തരുന്നതുവഴി അവർ ഞങ്ങളോടാണ് സൗമനസ്യം കാട്ടുന്നത്.

കർത്തവ്യം അന്തർലീനമായിട്ടില്ലാത്ത
യാതൊരവകാശവും ഈ ലോകത്തിലില്ല.

**മോഹൻദാസ് കരംചന്ദ് ഗാന്ധി**

# ആമുഖം



ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച് വ്യക്തത ഉറപ്പുവരുത്തുന്നതിനും ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും ആയി പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകയാണ്.

നാം അധികാര വികേന്ദ്രീകരണത്തിന്റെ രജതജൂബിലി നിറവിലാണ്. ഒമ്പതാം പദ്ധതി മുതൽ പതിമൂന്നാം പദ്ധതി വരെ പൂർത്തീകരിച്ചു. ഈ അവസരത്തിൽ നമ്മുടെ ഗ്രാമത്തിലും വലിയൊരു മാറ്റത്തിന് കാരണമായി. മുമ്പെങ്ങുമില്ലാത്തവിധത്തിൽ പ്രളയങ്ങളും കോവിഡ് പോലുള്ള മഹാമാരികൾ ഉൾപ്പെടെയുള്ള ദുരന്തങ്ങളെയും നേരിട്ടുകൊണ്ടാണ് ഇന്നുണ്ടായ വികസന ക്ഷേമ പ്രവർത്തനങ്ങൾ നടത്തിയത്.

ഭരണഘടന സ്ഥാപനമായതോടെ ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരവും, ഉത്തരവാദിത്വവും വർദ്ധിച്ചു. പഞ്ചായത്താഫീസ് മുഖേന ഓരോ പൗരനും ലഭിക്കേണ്ട സേവനങ്ങൾ കാലവിളംബം ഉണ്ടാകാതെ കൃത്യതയോടെയും സുതാര്യതയോടെയും ലഭ്യമാക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്.

സേവനങ്ങൾ സമയബന്ധിതമാക്കുന്നതിനും അവയുടെ നടപടി ക്രമങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ അറിവ് പകരുന്നതിനും അതിലൂടെ മെച്ചപ്പെട്ട പ്രവർത്തനം നടത്തുക എന്ന ശ്രമമാണ് പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്.

പഞ്ചായത്ത് എന്നാൽ പഞ്ചായത്ത് ഓഫീസ് മാത്രമല്ല കൃഷിഭവൻ, മൃഗാശുപത്രി, എൻജിനീയറിങ് വിഭാഗം, വി.ഇ.ഒ. ഓഫീസ്, സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായ അങ്കണവാടികൾ, തൊഴിലുറപ്പു പദ്ധതി നടപ്പിലാക്കുന്ന MGNREGS ഓഫീസ്, കുടുംബശ്രീ ഓഫീസ് പ്രൈമറി തലത്തിൽ ഉള്ള സ്കൂളുകൾ ഇവയെല്ലാം പഞ്ചായത്ത് ഘടക സ്ഥാപനമാണ്. പഞ്ചായത്ത് ഓഫീസ് മുഖേന മാത്രമല്ല ഘടക സ്ഥാപനങ്ങളിൽനിന്ന് പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവങ്ങളേയും അവയുടെ നിബന്ധനകളേയും പ്രതിപാദിക്കുന്ന പൗരാവകാശരേഖ ഓരോ പൗരന്റേയും നിയമപരമായ അവകാശവും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതാകട്ടെ എന്ന് പ്രത്യാശിക്കുന്നു.

കൈവരിച്ച നേട്ടങ്ങളെ കൂടുതൽ മഹത്തരമാക്കുന്നതിനും പുതിയ കാലത്തിന് അനുയോജ്യമായ വികസനപ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനും പ്രയോജനമാകുമെന്ന ഉത്തമ വിശ്വാസത്തോടെ ഈ പൗരാവകാശരേഖ സവിനയം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,

**ബിജു തോമസ്**
പ്രസിഡന്റ്
ആമ്പല്ലൂർ ഗ്രാമഞ്ചായത്ത്

കാഞ്ഞിരമറ്റം
30-09-2024